"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ അധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് (retrenched period) ക്രമീകരിക്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(അച്ചടി) നം.16/2024/GEDN തീയതി,തിരുവനന്തപുരം, 03-06-2024

പരാമർശം:- 1. 20.06.2022 ലെ സ.ഉ.(അച്ചടി)നം.7/2022/പൊവിവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് (retrenched period) ക്രമീകരിക്കുന്നത് സംബന്ധിച്ച് പരാമർശത്തിലെ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3(i)-ലെ "തസ്തികയില്ലാതെ പുറത്ത് നിൽക്കുന്ന കാലയളവ് ഇനി മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ നോൺഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥ "തസ്തികയില്ലാതെ പുറത്ത് നിൽക്കുന്ന കാലയളവ് ഇനി മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിയോടെ നോൺഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണ്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (19.10.2022 ലെ ഫയൽ നം. E-1852284 /വിദ്യാ-എ2/2021-FIN പ്രകാരം)
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ) /പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 04-06-2024 12:34:41